ഭരണഭാഷ മാതൃഭാഷ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - jdacad@gmail.com
ഫോൺ : 0471-2580738

**നമ്പർ : HSE/31803/2025-ACD SPL4** **തീയതി : 24-12-2025**

## സർക്കുലർ

വിഷയം : പൊ.വി.വ. - ഹ.സെ.വി - കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം - നാലാം പതിപ്പ് - സംബന്ധിച്ച്.

സൂചന : കേരള നിയമസഭാ സെക്രട്ടേറിയേറ്റിൽ നിന്നും 26.11.2025 തീയതിയിൽ ലഭിച്ച KLS/8423/2025-KLIBF 2 നമ്പർ കത്ത്.

കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ **2026 ജനുവരി 7 മുതൽ 13 വരെ** നിയമസഭാ അങ്കണത്തിൽ വെച്ച് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് സംഘടിപ്പിക്കുന്നു. പുസ്തകോത്സവത്തിനെത്തുന്ന സന്ദർശക വിദ്യാർത്ഥികൾക്ക് വിവിധ മത്സരങ്ങളും സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

*നിയമസഭാ മന്ദിരം, പുസ്തക സ്റ്റാളുകൾ, നിയമസഭാ മ്യൂസിയം, നേപ്പിയർ മ്യൂസിയം, ശ്രീചിത്ര ആർട്ട് ഗ്യാലറി, മൃഗശാല എന്നിവ സന്ദർശിക്കുന്നതിനുള്ള സൗജന്യ വിസിറ്റ് പാക്കേജ്

* കെ.എസ്.ആർ.ടി.സി ഡബിൾഡെക്കർ ബസ്സിൽ സൗജന്യമായി തിരുവനന്തപുരം സിറ്റി റൈഡിനുള്ള അവസരം

* പുസ്തകോത്സവത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന അധ്യാപകരും വിദ്യാർ ത്ഥികളും **www.klibf.niyamasabha.org** എന്ന വെബ്സൈറ്റിലെ **virtual queue** എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

* സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായി സജ്ജീകരിച്ചിരിക്കുന്ന സ്റ്റുഡൻസ് കോർണർ എന്ന പ്രത്യേക വേദിയിൽ വിദ്യാർത്ഥികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും തങ്ങളുടെ പുസ്തകം പ്രകാശനം ചെയ്യുന്നതിനുമുള്ള അവസരം

* **AI** അധിഷ്ഠിത പ്രോഗ്രാമുകൾ, മാജിക് ഷോ, പപ്പറ്റ് ഷോ, സെമിനാറുകൾ, വിവിധ തരത്തിലുള്ള ഗെയിമുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റുഡൻസ് കോർണറിൽ നിന്നും വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ലഭിക്കുന്ന പുസ്തക കൂപ്പണുകൾ ഉപയോഗപ്പെടുത്തി സ്റ്റാളുകളിൽ നിന്നും പുസ്തകം വാങ്ങുന്നതിനുള്ള അവസരം

* സ്റ്റുഡൻസ് കോർണറിൽ പരിപാടികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത വെബ്സൈറ്റിലെ **students Corner** എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

* ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ സമ്മേളന ഹാളിൽ വച്ച് **2026** ജനുവരി എട്ടിന് സംഘടിപ്പിക്കുന്ന മാതൃകാ നിയമസഭ-യിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ/ ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത വെബ്സൈറ്റിലെ **Model Assembly** എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്

* പുസ്തകോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നീ വിഭാഗങ്ങളിൽ നിന്നും രണ്ടുപേരടങ്ങുന്ന ടീമുകൾക്ക്

പങ്കെടുക്കുവാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത വെബ്സൈറ്റിലെ **Quiz Competition** എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

* വിദ്യാർത്ഥികൾക്കായും പൊതുജനങ്ങൾക്കായും പുസ്തകാസ്വാദനം, പദ്യപാരായണം, ഒരു കഥ പറയാം എന്നീ ഓൺലൈൻ മത്സരങ്ങളും പൊതുവിഭാഗത്തിൽ ഹ്രസ്വചിത്രം, റീൽസ് എന്നീ ഓൺലൈൻ മത്സരങ്ങളും സംഘടിപ്പിക്കുന്നു. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾക്കും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുമായി പ്രസ്തുത വെബ്സൈറ്റിലെ **Contest** എന്ന ലിങ്ക് സന്ദർശിക്കുക.

Digitally signed by
Shajitha S
Date: 24-12-2025
11:51:45

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

**<u>വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക :</u>**

1.ശ്രീ.ആർ. ഷാജി : **9497015937** (സിറ്റി റൈഡ്)

2.ശ്രീ.പി.ഹരിശങ്കർ : **9446013232** (വെർച്വൽ ക്യൂ രജിസ്ട്രേഷൻ)

3.ശ്രീമതി ഇന്ദു **M.R** : **9447094476** (സ്റ്റുഡൻസ് കോർണർ)

4.ശ്രീമതി സിന്ധു.റ്റി : **9526582853** (സ്റ്റുഡൻസ് കോർണർ)

5.ശ്രീമതി പുഷ്പലത **V.C** : **0471 251 2670** (ഓൺലൈൻ മത്സരങ്ങൾ)

6.ശ്രീമതി മഞ്ജു യു : **9400528408** (മാതൃകാ നിയമസഭ )

: **0471 251 2456/2549/2368** (ക്വിസ്)

**<u>പകർപ്പ് :</u>**

1. ബന്ധപ്പെട്ട ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ
2. ബന്ധപ്പെട്ട ആർ.ഡി.ഡി ഓഫീസ്